ഹിൽ ഹൈവേയുടെ നിർമ്മാണം

26 [*143] ശ്രീ. എം. എ. വാഹിദ് :

„ വി. ഡി. സതീശൻ :

„ കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹിൽ ഹൈവേ ഒന്നാംഘട്ട പണിയെന്നാണാരംഭിച്ചത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഒന്നാം ഘട്ടത്തിന്റെ പണി എത്രകാലംകൊണ്ട് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(സി) പ്രസ്തുത ഹൈവേയുടെ മൊത്തം പണി എന്നത്തേക്ക് പൂർത്തിയാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത് ?

മരാമത്ത് വകുപ്പുമന്ത്രി : ശ്രീ. എം. കെ. മുനീർ :

(എ) ഹിൽ ഹൈവേയുടെ ഒന്നാംഘട്ടപണിയുടെ ഔപചാരികമായ നിർമ്മാണോദ്ഘാടനം 14-1-2005-ൽ ബഹു. മുഖ്യമന്ത്രി ഇരിക്കൂറിൽ നിർവ്വഹിച്ചു.

(ബി) ഒന്നാം ഘട്ട പ്രവൃത്തിയുടെ ദർഘാസുകൾ ക്ഷണിച്ചിരിക്കുകയാണ്. ദർഘാസ് അംഗീകരിച്ച് കരാർ ഉറപ്പിച്ചുകഴിഞ്ഞാൽ ഏതാണ്ട് 18 മാസങ്ങൾക്കുള്ളിൽ പണി പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഇപ്പോൾ കൃത്യമായി പറയാനാവില്ല. സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ഘട്ടം ഘട്ടമായി മാത്രമേ ഹിൽ ഹൈവേ പദ്ധതി പൂർത്തികരിക്കുവാൻ സാധിക്കുകയുള്ളു.

സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ ഫീസ് നിരക്ക്

27 [*144] ശ്രീമതി രാധാ രാഘവൻ :

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള സർവ്വകലാശാലകൾ എത്ര സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ നടത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) എൽ. ബി. എസ്. പോലെയുള്ള വിവിധ ഗവൺമെന്റ് ഏജൻസികൾ എത്ര സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ നടത്തുന്നുണ്ടെന്ന് വിശദമാക്കാമോ ;

(സി) ഇവയിലെ ഫീസ് ഘടന എപ്രകാരമെന്ന് വ്യക്തമാക്കാമോ ;

(ഡി) സർവ്വകലാശാലകളും ഗവൺമെന്റ് ഏജൻസികളും നടത്തുന്ന സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ ഫീസ് നിരക്കിൽ എന്തെങ്കിലും വ്യത്യാസം വരുത്താനുദ്ദേശമുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly